കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – തൃശ്ശൂർ ജില്ലാപഞ്ചായത്ത് നടപ്പിലാക്കിയ സമ്പൂർണ്ണ പാർപ്പിട പദ്ധതി- തൃശ്ശൂർ ജില്ലാപഞ്ചായത്ത് ഹഡ്കോയ്ക്ക് നൽകാനുള്ള വായ്പയുടെ മുതലും പലിശയും ഒടുക്കുന്നത് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം: 303/2012/തസ്വഭവ തിരുവനന്തപുരം, തീയതി: 30/1/2012

---

പരാമർശം:- 1. തൃശ്ശൂർ ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ 30/7/2010-ലെ സി5/499/2009 നമ്പർ കത്ത്.

2. 26/11/04-ലെ സ.ഉ (സാധാ)നം.319/04/തസ്വഭവ

3. ഹഡ്കോ റീജിയണൽ ചീഫിന്റെ 26/7/11-ലെ HUDCO/TRO/COSTFORD/AGP-13/2011/1121 നമ്പർ കത്ത്.

## ഉത്തരവ്

തൃശ്ശൂർ ജില്ലാപഞ്ചായത്തും, തൃശ്ശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഗവൺമെന്റിതര ഏജൻസിയായ കോസ്റ്റ്ഫോർഡും ഹഡ്കോയുടെ സഹായത്തോടുകൂടി തൃശ്ശൂർ ജില്ലയിലെ 71 ഗ്രാമപഞ്ചായത്തുകളിലും 14 ബ്ലോക്ക് പഞ്ചായത്തുകളിലും 14 മുനിസിപ്പാലിറ്റികളിലും ജില്ലാപഞ്ചായത്തിലും കൂടി 1999-2000 വർഷത്തിൽ നടപ്പിലാക്കിയ പദ്ധതിയാണ് തൃശൂർ സമ്പൂർണ്ണ പാർപ്പിട പദ്ധതി. പദ്ധതിയ്ക്ക് സർക്കാർ ഗ്യാരന്റി ഇല്ലെന്നതും പ്രതി യൂണിറ്റ് ചെലവ് കുറവാണെന്നും ഗുണഭോക്താക്കളുടെ പങ്കാളിത്തം ഉണ്ടെന്നതും ഗവൺമെന്റിതര ഏജൻസിയായ കോസ്റ്റ്ഫോർഡ് എന്ന സ്ഥാപനത്തിന്റെ സാങ്കേതിക സഹായം ലഭ്യമായതുമാണ് പദ്ധതിയ്ക്ക് അംഗീകാരം നൽകുവാൻ ഗവൺമെന്റിനെ പ്രേരിപ്പിച്ചത് . ഈ പദ്ധതി അനുസരിച്ച് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും അവർ തെരഞ്ഞെടുത്ത ഓരോ ഗുണഭോക്താവിന്റെയും പേരിൽ 7500/-രൂപാ കോസ്റ്റ്ഫോർഡ് മുഖേന ഹഡ്കോയിൽ 14 വർഷത്തേയ്ക്ക് നിക്ഷേപിക്കുമ്പോൾ ഹഡ്കോ, കോസറ്റ് ഫോർഡ് വഴി ഒരോഗുണഭോക്താവിനും 30000/-രൂപ 3 ഗഡുക്കളായി നൽകുകയും ഗുണഭോക്താക്കൾ മാസം 120/-രൂപ തവണയിൽ (9 % പലിശ നിരക്കിൽ)14 വർഷം കോസ്റ്റ്ഫോർഡ് വഴി ഹഡ്കോയ്ക്ക് തിരിച്ചടയ്ക്കുകയും ചെയ്യേണ്ടതായിരുന്നു. ഹഡ്കോ സി.എം.ഡിയും അന്നത്തെ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയും, ജില്ലാ പഞ്ചായത്ത് പ്രതിനിധികളും, കോസ്റ്റ്ഫോർഡ് പ്രതിനിധികളുമായുള്ള മീറ്റിംഗിൽ ഈ സ്കീമിൽ എത്ര പേർക്ക് വേണമെങ്കിലും ധനസഹായം ചെയ്യാൻ ഹഡ്കോ സന്നദ്ധമാണെന്ന വാക്കാ ലുള്ള ഉറപ്പിന്റെ അടിസ്ഥാനത്തിൽ, ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആകെ 12605 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു. എന്നാൽ ഹഡ്കോ, 3667 ഗുണഭോക്താക്കൾക്കു മാത്രമായി അവരുടെ ലോൺ സ്കീം പരിമിതപ്പെടുത്തിയതിന്റെ ഫലമായി തെരഞ്ഞെടുത്ത 12605 ഗുണഭോക്താക്കൾക്കും എല്ലാ തവണകളും കൊടുക്കാനും സ്കീം പൂർത്തീകരിക്കാനും സാധിച്ചില്ല.

ഗുണഭോക്താക്കൾക്ക് തവണകൾ ലഭിക്കാതെ വന്നപ്പോൾ പലതരം പ്രശ്നങ്ങൾ ഉടലെടുക്കുകയും പഞ്ചായത്തുകളും അവരുടെ പദ്ധതിവിഹിതത്തിൽ നിന്നും ശേഷിച്ച തവണകൾ നൽകി വീട് പൂർത്തീകരിക്കാൻ ശ്രമം നടത്തുകയും ചെയ്തു. പല പഞ്ചായത്തുകളിലും, തവണകൾ ലഭിക്കാതെ വന്നതും നിലവിലുണ്ടായിരുന്ന വീടുകൾ പൊളിച്ചു പുതിയത് പണിയാൻ കാത്തിരുന്ന ഗുണഭോക്താക്കൾക്ക് തിരിച്ചടിയായി. ഇതിനെച്ചൊല്ലി ജില്ലയിൽ ഹഡ്കോയിൽ നിന്നും ലഭിച്ച ലോണിന്റെ

വിനിയോഗം സംബന്ധിച്ച് ആരോപണങ്ങൾ ഉണ്ടായി. ലോക്കൽ ഫണ്ട് ആഡിറ്റിന്റെ നേതൃത്വത്തിലും കളക്ടറുടെ നേതൃത്വത്തിലും പെർഫോമൻസ് ആഡിറ്റിന്റെ നേതൃത്വത്തിലും പലതരം ആന്വേഷണങ്ങൾ നടന്നു. ഈ അന്വേഷണങ്ങൾ പദ്ധതിയുടെ നടത്തിപ്പിൽ ധനദുർവിനിയോഗം ഉണ്ടായിട്ടില്ലെന്ന് വ്യക്തമാക്കുകയുണ്ടായി.

ഇനിയും പലിശ അടയ്ക്കുവാൻ ബാക്കിയുള്ള പദ്ധതി ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളിൽ നിന്നും പലിശ തിരിച്ചു പിടിക്കുവാൻ നടപടികൾ സ്വീകരിക്കു കയാണെങ്കിൽ വലിയൊരു തുക അവർക്ക് ബാധ്യത വരുവാൻ ഇടയുള്ളതിനാൽ ഗുണഭോക്താക്കൾക്ക് ആശ്വാസമെന്നോണം പലിശ അടയ്ക്കുവാൻ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഏർപ്പെടുത്തുകയോ, അല്ലെങ്കിൽ അവരെ പലിശ ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കിക്കൊണ്ട് ആധാരം തിരിച്ചു നൽകുകയോ ചെയ്യണമെന്ന് തൃശ്ശൂർ ജില്ലാ പഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയിട്ട് പത്തുവർഷത്തോളമായ സാഹചര്യത്തിൽ ഗുണഭോക്താക്കളിൽ നിന്നും പലിശയായി വലിയൊരു തുക ഈടാക്കുന്നത് അനുയോജ്യമായ നടപടിയാണെന്ന് തോന്നുന്നില്ല. പ്രത്യേകിച്ച് സർക്കാർ നിലവിലുള്ള ഭവന പദ്ധതികൾ ഗുണഭോക്താക്കൾക്ക് യാതൊരു സാമ്പത്തിക ബാധ്യതയുമുണ്ടാകാത്ത രീതിയിൽ നടപ്പിലാക്കി വരുന്ന സാഹചര്യത്തിൽ ഇത്രകാലമായിട്ടും പദ്ധതി തിരിച്ചടവ് പൂർത്തിയാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുമില്ല. 26/11/04-ലെ സ.ഉ (സാധാ) 319/04/ തസ്വഭവ ഉത്തരവ് പ്രകാരം തൃശ്ശൂർ ജില്ലയിലെ ഭവന പദ്ധതി പ്രകാരം ഓരോ പഞ്ചായത്തും ഹഡ്കോയ്ക്ക് തിരിച്ചടയ്ക്കാനുള്ള തുക അതത് പഞ്ചായത്ത് പദ്ധതി വിഹിതത്തിൽ നിന്നും കുറവ് ചെയ്യേണ്ടതാണെന്ന് ഉത്തരവായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഹഡ്കോയ്ക്കുള്ള ബാധ്യത ഒറ്റത്തവണതീർപ്പാക്കൽ പദ്ധതി പ്രകാരം അടച്ചു തീർക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശം (3) പ്രകാരം ഹഡ്കോ അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അനുബന്ധത്തിൽ സൂചിപ്പിച്ചിട്ടുള്ള പട്ടികയിൽ ഉൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ വർഷം ഉപയോഗിക്കാൻ കഴിയാതെ വരുന്ന പ്ലാൻ ഫണ്ടിൽ നിന്നും ഏറ്റവും കുറഞ്ഞത് 50% തുകയെങ്കിലും അടയ്ക്കുകയും ബാക്കി അടുത്ത വർഷത്തെ പ്ലാൻ ഫണ്ടിൽ ചേർത്ത് മേയ് മാസം അവസാനത്തോടുകൂടി അടച്ചു തീർക്കുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇപ്രകാരം വിനിയോഗിക്കുന്ന ഫണ്ട് സെക്ടോറൽ സീലിംഗിൽ നിന്നും ഒഴിവാക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ജെയിംസ് വർഗ്ഗീസ്
ഗവ.പ്രിൻസിപ്പൽ സെക്രട്ടറി

ജില്ലാകളക്ടർ, തൃശ്ശൂർ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ആഡിറ്റ്) കേരളം, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, തൃശ്ശൂർ
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
പ്രസിഡന്റ്/സെക്രട്ടറി, ജില്ലാപഞ്ചായത്ത് തൃശ്ശൂർ
ഡയറക്ടർ, കോസ്റ്റ് ഫോർഡ്, തൃശ്ശൂർ
ഡെപ്യൂട്ടി ചീഫ് ഫിനാൻസ് ഓഫീസർ, ഹഡ്കോ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: തദ്ദേശസ്വയംഭരണ (പഞ്ചായത്ത്) വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ

തദ്ദേശസ്വയംഭരണ (എഫ്. എം) വകുപ്പ്

| Amount to be settled as per OTS | | |
|---|---|---|
| Name of the panchayath | Dues as on 31.12.2010 | Allocated Dues in propotion to OTS including interest |
| | 20.900 | 20.333 |
| Thrissur Dist.Panchayat | 1.408 | 1.369 |
| Anthikad | 4.098 | 3.987 |
| Chazhur | 11.916 | 11.593 |
| Kodakara | 0.673 | 0.655 |
| Kodassery | 59.186 | 57.582 |
| Mattathur | 190.811 | 185.638 |
| Mullassery | 7.771 | 7.560 |
| Mundathikode | 41.283 | 40.164 |
| Parapukara | 1.407 | 1.369 |
| Pavaratty | 0.845 | 0.822 |
| Thalikulam | 2.154 | 2.096 |
| Thekkumkara | 8.647 | 8.412 |
| Thrikkur | 47.381 | 46.097 |
| Adat | 1.936 | 1.883 |
| Arthat | 6.824 | 6.639 |
| Cherpu | 5.932 | 5.771 |
| Desamangalam | 19.775 | 19.239 |
| Edavilangu | 2.791 | 2.715 |
| Kaiparambu | 2.597 | 2.527 |
| Karalam | 0.406 | 0.395 |
| Kattoor | 0.130 | 0.126 |
| Kodungallur BP | 1.799 | 1.750 |
| Kondazhy | 4.942 | 4.808 |
| Koratty | 0.000 | 0.000 |
| Kuzhoor | 37.774 | 36.750 |
| Mulankunnathukavu | 5.515 | 5.366 |
| Mullurkara | 6.592 | 6.413 |
| Nenmanikara | 0.621 | 0.605 |
| Ollukara BP | 1.753 | 1.706 |
| Ollur | 9.056 | 8.810 |
| Pazhayannur BP | 1.845 | 1.795 |
| Puthukad | 11.596 | 11.282 |
| Puzhackal BP | 3.229 | 3.142 |
| Tholur | 4.444 | 4.323 |
| Varantharapilly | 1.915 | 1.863 |
| Vilvattom | 6.593 | 6.414 |
| | 536.545 | 522.000 |